**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3205** **04-08-2021 - ൽ മറുപടിയ്ക്ക്**

**ഹീമോഫീലിയ ട്രീറ്റ്മെന്റ് സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഹീമോഫീലിയ രോഗികളുടെ എണ്ണം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ; | (എ) | സംസ്ഥാനത്ത് 1868 ഹീമോഫീലിയ രോഗികൾ ഉണ്ട്. |
| (ബി) | ഹീമോഫീലിയ രോഗികൾക്ക് സർക്കാർ നിലവിൽ എന്തൊക്കെ സഹായങ്ങളാണ് നൽകിവരുന്നതെന്ന വിശദവിവരം ലഭ്യമാക്കുമോ; | (ബി) | I. രോഗനിർണ്ണയത്തിനുള്ള സൗകര്യം ii. സൗജന്യ ഫാക്ടർ ചികിത്സാ സൗകര്യം iii. ഫിസിയോതെറാപ്പി iv. കാരുണ്യ ഫാർമസി മുഖേന സൗജന്യമായി മരുന്ന് ലഭ്യമാക്കുന്നുണ്ട്. v. കാരുണ്യ ബെനവലന്റ് ഫണ്ട് മുഖേന പെൻഷൻ vi. പത്ത് വയസ്സിന് താഴെയുള്ള കുട്ടികൾക്ക് പ്രതിരോധത്തിനുള്ള factor നൽകുന്നുണ്ട്. ടി രോഗികൾക്ക് ഡിസെബിലിറ്റി സർട്ടിഫിക്കറ്റും നൽകുന്നുണ്ട്. vii. ഡോ.കെയർ സെന്റർ, ആശാധാര പദ്ധതി, ഒ.പി ചികിത്സയ്ക്ക് പുറമേ ഇ-സഞ്ജീവനി മുഖേനയും ഇൻഹിഡേറ്റർ ക്യാമ്പുകളും ട്രെയിനിംഗ് ക്യാമ്പുകളും നടത്തി വരുന്നു. viii. Factor 8 തെറാപ്പി സൗജന്യമായി നൽകുന്നു. |
| (സി) | മലപ്പുറം ജില്ലയിൽ ഹീമോഫീലിയ രോഗികൾ കൂടുതലായുള്ള സാഹചര്യത്തിൽ ,ആലുവ ഹീമോഫീലിയ ട്രീറ്റ്മെന്റ് സെന്റർ മാതൃകയിൽ തിരൂർ ജില്ലാ ആശുപത്രിയോടനുബന്ധിച്ച് ഹീമോഫീലിയ ട്രീറ്റ്മെന്റ് സെന്റർ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ? | (സി) | തിരൂർ ജില്ലാ ആശുപത്രിയോടനുബന്ധിച്ച് ഹീമോഫീലിയ ട്രീറ്റ്മെന്റ് സെന്റർ തുടങ്ങുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ